പതിന്നാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 1470 — 30/01/2018 ൽ മറുപടിയ്ക്ക്

## സർവേയർമാരുടെ ഒഴിവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡി.കെ. മുരളി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സർവേയർമാരുടെ കുറവുമൂലം റീ-സർവ്വേ നടപടികൾ സ്തംഭനാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് ഘട്ടം ഘട്ടമായി റീസർവ്വേ നടപടികൾ നടന്നു വരുന്നു. റീസർവ്വേ നടപടികൾ സ്തംഭനാവസ്ഥയിലാണെന്ന് കാണുന്നില്ല. |
| (ബി) സർവ്വെയർമാരുടെ എത്ര തസ്തികകൾ നിലവിലുണ്ടെന്നും അതിൽ എത്രയെണ്ണം ഒഴിഞ്ഞുകിടക്കുന്നുവെന്നും വ്യക്തമാക്കാമോ; | (ബി) സർവ്വെയർമാരുടെ 1678 തസ്തികകൾ നിലവിലുണ്ട്. ആയതിൽ 147 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. |
| (സി) അപ്രകാരം ഒഴിവുള്ള തസ്തികകളിൽ എത്രയെണ്ണം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തു; | (സി) 133 രണ്ടാതരം സർവ്വെയർമാരുടെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന ഒഴിവുകൾ സ്ഥാനക്കയറ്റം വഴി നികത്തേണ്ടതാണ്. |
| (ഡി) അവസാനമായി പി.എസ്.സി. സർവേയർമാർക്കു വേണ്ടി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് എന്നാണ്; പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ? | (ഡി) 15/11/2008 നാണ് ടി തസ്തികയിലേയ്ക്ക് അവസാനമായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത്. റാങ്ക് ലിസ്റ്റ് നിലവിലില്ല. |

സെക്ഷൻ ഓഫീസർ